**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 218** **23-08-2022 - ൽ മറുപടിയ്ക്ക്**

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആഗോള പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ള വാനര വസൂരി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും രോഗത്തെ നേരിടാനും കാര്യക്ഷമമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പകർച്ചവ്യാധി നിർണ്ണയ സൗകര്യങ്ങൾ ഒരുക്കുന്നതിനും ലബോറട്ടറി സൗകര്യങ്ങൾ ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) | സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പകർച്ചവ്യാധി ടെസ്റ്റിംഗ് സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു. |
| (സി) | പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്ഥിരം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (സി) | കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന്റെ മുന്നൊരുക്കമായി 140 നിയോജക മണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഓരോ ഐസൊലേഷൻ വാർഡ് വീതം നിർമ്മിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവാകുകയും പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വൺ ഹെൽത്ത് ഇനിഷ്യേറ്റീവിനെ കുറിച്ച് വിശദമാക്കാമോ? | (ഡി) | ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ 4 പമ്പാനദീതട ജില്ലകളിൽ വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മെയ് 17 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം RKI (Rebuild Kerala initiative), വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ 4 പമ്പാ നദീതട ജില്ലകളിൽ ആരംഭിക്കുന്നതാണ്. തുടർന്ന് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. വൺഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി (നവകേരള കർമ്മപദ്ധതി 2 (NKKP2) ഭരണ സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ലോകത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി. “ മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പര ബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക" എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും സസ്യങ്ങളുടെയും പരിസ്ഥിതിയുടെയും എല്ലാം ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണം, കണ്ടെത്തൽ, ഇടപെടലുകൾ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കുന്നതിൽ മൃഗങ്ങളിൽ നിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽ നിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതാണ്. അതിനാൽ മനുഷ്യ, മൃഗ, പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യ പ്രശ്നങ്ങളും " ഏകാരോഗ്യ പദ്ധതി" വഴി നടപ്പിലാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന, ജില്ലാ, വാർഡ് തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതലത്തിൽ ഇത്തരം ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് G.O(Rt)No. 399/2022/H&Fwd Dated, Thiruvananthapuram 19/02/2022 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ